# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 448**

**10/03/2015 ൽ മറുപടിയ്ക്ക്**

## ചെറുകിട വ്യവസായം - കുടിശ്ശിക എഴുതി തള്ളൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ ഖാദി ബോർഡിൽ നിന്നും വായ്പ എടുത്ത് ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നടത്തി വന്നവർ നഷ്ടം കാരണം ആത്മഹത്യ ചെയ്യപ്പെട്ടപ്പോൾ കുടുംബങ്ങൾ റവന്യൂ റിക്കവറി നേരിടുന്ന & വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഖാദി ബോർഡിൽ നിന്നും വായ്പ എടുത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തി വന്നിരുന്ന ചിലർ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വായ്പ യെടുത്ത് നഷ്ടം സംഭവിച്ചതു കൊണ്ടാണ് ആത്മഹത്യ ചെയ്തതെന്ന് വ്യക്തമായിട്ടില്ല. |
| ബി ഉണ്ടെങ്കിൽ കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) കേന്ദ്ര ഖാദി കമ്മീഷൻ പൊതുമേഖലാ ബാങ്കിൽ നിന്നും വായ്പയെടുത്ത് നൽകിയ തുകയിൽ നിന്നുമാണ് വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ച് നൽകിയത്. ടി വായ്പാതുക പലിശയും പിഴപ്പലിശയും സഹിതം ഖാദി ബോർഡ് ഖാദി കമ്മീഷന് തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട് ആയതിനാൽ കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബോർഡിന് സാധിക്കുകയില്ല. പതിനായിരം രൂപ വരെ വായ്പയെടുത്ത് കുടിശ്ശിക ആയവരെ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനായി വായ്പാ തുകയും പലിശയും അടക്കമുള്ള തുക സർക്കാരിൽ നിന്നും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഖാദി ബോർഡ് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| സി ഇല്ലെങ്കിൽ ഇത്തരം കുടുംബങ്ങളെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

Priya

സെക്ഷൻ ഓഫീസർ